പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 3003

11/12/2014 ലെ മറുപടിക്ക്

അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എകെ ബാലൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | 2014- 15 ലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (എ) | ബഹുമാനപ്പെട്ടഹൈക്കോടതിയിൽ നിന്നുംസ്റ്റേ ഉത്തരവ് നേടിയിട്ടില്ലാത്ത എല്ലാ സ്കൂളുകളിലും 2014-15 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടി പൂർത്തികരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ LP,UP,HS എന്നിവിടങ്ങളിൽ എത്ര അദ്ധ്യാപകരെയാണ് അധികമെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് എയ്ഡഡ്, സർക്കാർ സ്കൂൾ എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഗവൺമെന്റ് സ്കൂളുകളിൽ 1920 അദ്ധ്യാപകരും എയ്ഡഡ് സ്കൂളുകളിൽ 6957 അദ്ധ്യാപകരും അധികമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.എല്ലാ സ്കൂളുകളിലെയും ഫിക്സേഷൻ നടപടികൾ പൂർത്തിയായാലേ ഇനം തിരിച്ച വിവരം ലഭ്യമാകുകയുള്ളൂ |
| (സി) | തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ നില നിർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | 2010-11 ലെ തസ്തിക നിർണ്ണയ പ്രകാരം നിലവിലുള്ള റഗുലർ അദ്ധ്യാപകരിൽ തസ്തിക നഷ്ടപ്പെട്ടവരെയെല്ലാം അദ്ധ്യാപക ബാങ്ക് മുഖേന സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച മാർഗ്ഗ രേഖകൾ രൂപീകരിച്ചു വരുന്നതേയുള്ളൂ. |
| (ഡി) | തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് വിഷയങ്ങളുടെ പാർട്ട് - ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കാൻ തീരുമാനി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | 05.08.2014-ലെ സർക്കാർ കത്ത് നമ്പർ 44373 /ഡി2/14/പൊ.വി.വ നമ്പർ കത്ത് പ്രകാരം 19.08.2014 - ലെ എച്ച്2 / 60966/14/ഡി.പി.ഐ.നമ്പർ കത്തിലൂടെ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും വ്യാപകമായ പ്രതിഷേധത്തെ തുടർന്ന് ഈ നിർദ്ദേശം നടപ്പാക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ സംരക്ഷിക്കാൻ ഓരോ സർക്കാർ സ്കൂളും ഒരു യൂണിറ്റായി കണക്കാക്കി അദ്ധ്യാപക, വിദ്യാർത്ഥി അനുപാതം 1:30/1:35 ആയി കുറയ്ക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ; ആ ഉത്തരവ് പിൻ വലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | ഇതുസംബന്ധിച്ച 04.07.2014 -ലെ സ.ഉ.(പി) നം.124/2014/പൊ.വി. നമ്പർ ഉത്തരവ് ഇപ്പോഴും നിലവിലുണ്ട്, പിൻവലിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ